**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3231

14.07.2015-ലെ മറുപടിയ്ക്ക്

## എസ്.സി./എസ്.ടി സഹകരണ ഫെഡറേഷനിലെ ഭരണ സമിതിയെ പിരിച്ചുവിട്ട നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ഭരണ സമിതിയെ പിരിച്ചുവിട്ട് ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചതിനു ശേഷം, വീണ്ടും തെരഞ്ഞെടുപ്പ് നടത്തി അധികാരമേറ്റ ഭരണസമിതിയെ പിന്നെയും പിരിച്ചുവിട്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ കാരണം വിശദമാക്കുമോ? | (എ) ഉണ്ട്. ഫെഡറേഷനിൽ 5.2.2013-ന് ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തുകയും അതേ തീയതിയിൽ തന്നെ ഭരണ സമിതി അധികാരമേറ്റെടുക്കുകയും ചെയ്തു. ഫെഡറേഷനിൽ സെപ്റ്റംബർ 2014 മുതൽ ഭരണ സമിതിയോഗം വിളിച്ച ചേർത്തെങ്കിലും യോഗത്തിന് ആവശ്യമായ ക്വാറം (Section 28(5) of the Kerala Co-operative Societies Act 1969 and byelaw clause 14(B) of the Federation) ഇല്ലാത്തതിനാൽ ഭരണസമിതി തീരുമാനങ്ങൾ കൈക്കൊണ്ട് പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ലെന്നും, തുടർച്ചയായി മൂന്ന് കമ്മിറ്റികൾ കൂടാത്ത സാഹചര്യത്തിൽ ഫെഡറേഷനിൽ നിലവിൽ ഭരണസ്തംഭനം സംജാതമായിട്ടുണ്ടെന്നും, ആയതിനാൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിന് സെക്ഷൻ 33(1)(എ.എ) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ 13.3.2015-ലെ എസ്.സി.റ്റി(1) 39906/2014 നമ്പർ ഉത്തരവ് പ്രകാരം ഫെഡറേഷനിൽ പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റർ 13.3.2015-ന് ചാർജ്ജെടുക്കുകയും ചെയ്തു. |

[signature]

സെക്ഷൻ ഓഫീസർ